LIBRARY ARCHIVES Kerala Legislative Assembly

ഊരിൽ ഒരു പൊതുസ്ഥലത്തെത്തി വിശദീകരിച്ച് പഠനത്തെ സഹായിക്കുന്നുണ്ട്. അർഹരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക്, പഠനത്തിനായി വിദ്യാഭ്യാസ വകുപ്പ് KITE മുഖേന ലാപ്ടോപ്പുകൾ വിതരണം ചെയ്യുവരുന്നു.

ലക്ഷ്യ സ്കോളർഷിപ്പ്

76(821) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനത്തിനായുള്ള ലക്ഷ്യ സ്കോളർഷിപ്പ് മുഖേന കഴിഞ്ഞ വർഷം എത്ര ഉദ്യോഗാർത്ഥികൾക്ക് സഹായം ലഭിച്ചു; എത്ര പേരുടെ അപേക്ഷകൾ നിരസിച്ചു; വിശദാംശങ്ങൾ നൽകുമോ?

ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിൽ ഒരു വർഷം 30 കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. 2020-21 വർഷം ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതിയിലേയ്ക്ക് 843 പേർ അപേക്ഷ സമർപ്പിച്ചിരുന്നു. ഇതിൽ യോഗ്യതാ പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ 100 കുട്ടികളെ കൂടിക്കാഴ്ചയ്ക്ക് ക്ഷണിച്ചു. കൂടിക്കാഴ്ചയിൽ 87 കുട്ടികളാണ് പങ്കെടുത്തത്. ഇന്റർവ്യൂ ബോർഡ് തയ്യാറാക്കിയ ചുരുക്ക പട്ടിക പ്രകാരം 30 കുട്ടികളെ തെരഞ്ഞെടുക്കുകയും ടി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. 57 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം

77(822) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പിനു കീഴിലുള്ള പാലക്കാട്, വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗക്ഷേമ വകുപ്പിനുകീഴിലുള്ള പാലക്കാട്, വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിടത്തിന്റെ മുഴുവൻ സ്ട്രക്ചറൽ പ്രവൃത്തികളും ഒന്നാം നിലയിലെ Masonary Work-ഉം പ്ലാസ്റ്ററിംഗും രണ്ടാം നിലയിലെ മൂന്നിലൊരു ഭാഗം Masonary Work-ഉം പൂർത്തിയായിട്ടുണ്ട്. ഹോസ്റ്റൽ കെട്ടിടത്തിന്റെ ഗ്രൗണ്ട്